പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3144.

15.02.2013 ൽ മറുപടിക്ക്

## കേരളത്തിന്റെ മണ്ണെണ്ണ വിഹിതത്തിലുള്ള കുറവ്

**ചോദ്യം**

ശ്രീ. സി. ദിവാകരൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എ) + (ബി) കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. 2012 മാർച്ചുമാസം വരെ പ്രതിമാസം 15960 കി.ലി. മണ്ണെണ്ണയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ 2012 ഏപ്രിൽ മുതൽ മണ്ണെണ്ണയുടെ അലോട്ട്മെന്റ് മൂന്നു മാസത്തേയ്ക്ക് 30048 കി.ലി. ആയി വെട്ടിക്കുറച്ചു. അതായത് പ്രതിമാസം 10016 കി. ലി. മണ്ണെണ്ണയാണ് വിതരണത്തിനായി ലഭ്യമായുള്ളത്. ഇതിലൂടെ പ്രതിമാസം 5944 കി.ലി. മണ്ണെണ്ണയുടെ കുറവാണുണ്ടായത്. കേരള സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് 2012 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലേയ്ക്ക് 5004 കി.ലി മണ്ണെണ്ണ കൂടി അനുവദിച്ചു നൽകുകയു ണ്ടായി. എന്നാൽ പിന്നീടുള്ള കാലയളവു മുതൽ ഇപ്പോൾ വരെയും ത്രൈമാസ അലോട്ടമെന്റ് 30048 കി.ലി. ആണ്.

| സാമ്പത്തിക വർഷം | മണ്ണെണ്ണ വിഹിതം |
|---|---|
| 2010-2011 | 225120 കി.ലി. |
| 2011-2012 | 197124 കി.ലി. |
| 2012-2013 | 125196 കി.ലി. |

| | | | |
|---|---|---|---|
| (സി) | കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന പി.ഡി.എസ്. മണ്ണെണ്ണ വിളക്ക് തെളിയിക്കുന്നതിനും പാചകത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗാർഹിക എൽ.പി.ജി. കണക്ഷനുകളുടെ എണ്ണം കണക്കിലെടുത്ത് ഒരേ ആവശ്യത്തിന് രണ്ട് തരത്തിൽ സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല എന്നാണ് കേന്ദ്രത്തിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ